# STD - III

## അദ്ധ്യാപക സഹായി

## പാഠം - മൂന്ന്   ആദിമ ക്രൈസ്തവ സമൂഹം   ഭാഗം - ഒന്ന്

**ലക്ഷ്യം:**

അപ്പസ്തോലന്മാരുടെ ദൈവരാജ്യത്തെക്കറിച്ചുള്ള പ്രസംഗം കേട്ട് സുവിശേഷത്തിന്റെ മഹത്വം മനസ്സിലാക്കിയ ജനങ്ങൾ ഒത്തുകൂടിയതാണ് ആദിമ ക്രൈസ്തവ സമൂഹം. ഈശോയിൽ ഒന്നിച്ചു ചേർന്നപ്പോൾ പരിശുദ്ധാത്മാവിന്റെ അനുഗ്രഹത്താൽ പരസ്പര സ്നേഹത്തിന്റെ കൂട്ടായ്മയായി അവർ മാറി.

ഞാൻ ഈശോയിൽ വിശ്വസിക്കുകയും സുവിശേഷാധിഷ്ഠിത ജീവിതം നയിച്ച്, എന്റെ സമയവും കഴിവുകളും മറ്റുള്ളവരുമായി പങ്കുവച്ചുകൊണ്ട് പരസ്പര സ്നേഹത്തിലും കൂട്ടായ്മയിലും ജീവിക്കും.

**പഠനസഹായികൾ**

* വചനം - അപ്പ. 2:37-47 - ആദ്യക്രൈസ്തവ സമൂഹം
* കുട്ടികളുമായി പങ്കുവയ്ക്കാനുള്ള അപ്പം
* The Early Church/Bible stories for kids - You Tube Video

**പാഠത്തിന്റെ ഉള്ളടക്കം**

* ദൈവരാജ്യത്തെക്കുറിച്ചുള്ള അപ്പസ്തോലന്മാരുടെ പ്രസംഗം
* ആദിമ ക്രൈസ്തവസമൂഹം
* പരിശുദ്ധാത്മാവിന്റെ അനുഗ്രഹത്താൽ അവർ സ്നേഹത്തിലും കൂട്ടായ്മയിലും ജീവിച്ചു.
* ആദിമ ക്രൈസ്തവ സമൂഹം ഏകമനസ്സോടെ ദൈവത്തെ സ്തുതിച്ചും പ്രാർത്ഥിച്ചും ഒരുമയിൽ വളർന്നു.
* ലോകത്തിന്റെ നാനാഭാഗങ്ങളിൽ കൂട്ടായ്മയുടെ സമൂഹം രൂപപ്പെട്ടു.
* പരസ്പര സ്നേഹവും പങ്കുവയ്ക്കലും അവരുടെ ജീവിതശൈലിയായി മാറി.
* ഒരുമിച്ചു പ്രാർത്ഥിച്ച്, അപ്പം മുറിച്ച് ഒരു മാതൃകാ സമൂഹമായി
* വിശുദ്ധ കുർബാനയുടെ ആദ്യകാല രൂപമായിരുന്നു അപ്പം മുറിക്കൽ ശുശ്രൂഷ
* ദൈവത്തെ മറന്ന് ജീവിക്കാതെ, നമുക്കുള്ളതെല്ലാം പങ്കുവയ്ക്കാൻ നാം സന്നദ്ധരാകണം.

## പ്രാർത്ഥന

ഈശോയെ, അവിടുന്ന് സ്ഥാപിച്ച കത്തോലിക്കാ സഭയിൽ വചനത്തിൽ വിശ്വസിച്ചു കൊണ്ട്, തങ്ങൾക്കുള്ളതെല്ലാം മറ്റുള്ളവരുമായി പങ്കുവയ്ക്കുവാനും, പരസ്പരം സ്നേഹിക്കുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ, ആമ്മേൻ.

## ചോദ്യങ്ങൾ

1. യേശുവിനെക്കുറിച്ച് വിശ്വാസികളോട് സംസാരിച്ചതാര്?
2. പരിശുദ്ധാത്മാവ് അവരുടെമേൽ അനുഗ്രഹം ചൊരിഞ്ഞപ്പോൾ എന്തു സംഭവിച്ചു?
3. ആദിമ ക്രൈസ്തവ സമൂഹം, തങ്ങൾക്കുണ്ടായിരുന്ന സ്വത്തുക്കൾ എന്തുചെയ്തു?
4. എങ്ങനെയാണ് ആദിമസമൂഹം ഒരു മാതൃകാ സമൂഹമായി മാറിയത്?
5. എന്തിന്റെ ഓർമ്മയ്ക്കായാണ് ആദിമ ക്രൈസ്തവർ അപ്പം മുറിക്കൽ ശുശ്രൂഷ നടത്തിയിരുന്നത്?

# STD - III

## അദ്ധ്യാപക സഹായി

## പാഠം – മൂന്ന്    ആദിമ ക്രൈസ്തവ സമൂഹം    ഭാഗം – രണ്ട്

**ലക്ഷ്യം:**

ദൈവരാജ്യം കരസ്ഥമാക്കുവാൻ കാരുണ്യപ്രവൃത്തികൾ ചെയ്യണം. ഞാൻ കാരുണ്യ പ്രവൃത്തികൾ താല്പര്യപൂർവം ചെയ്യുകയും ദൈവരാജ്യം കരസ്ഥമാക്കുകയും ചെയ്യും.

**പഠനസഹായികൾ**

* വചനം – മത്താ. 25:31–46
* ചാർട്ട് – കാരുണ്യപ്രവൃത്തികൾ
* You Tube - (i) My Jesus Karunyapravarthikal OR
  (ii) Works of Mercy / Acts of Mercy
  (iii) Corporal and Spiritual Works of Mercy
* Songs:- Acts of Mercy - Karunyapravarthikal - By Fr. Shaji Thumpechira - You Tube.

**പാഠത്തിന്റെ ഉള്ളടക്കം**

* സത്പ്രവൃത്തികൾ ശീലമാക്കുക
* കാരുണ്യപ്രവൃത്തികൾ – പതിനാല്
* ശാരീരികങ്ങളായ കാരുണ്യപ്രവൃത്തികൾ
* ആദ്ധ്യാത്മികങ്ങളായ കാരുണ്യപ്രവൃത്തികൾ

**പ്രാർത്ഥന**

ഈശോയെ ആവശ്യ സമയങ്ങളിൽ മറ്റുള്ളവരെ സഹായിച്ചുകൊണ്ട് സത്പ്രവൃത്തി കൾ ചെയ്യുവാൻ, അവിടുത്തെ ഉപകരണമായി എന്നെ മാറ്റേണമേ.

**ചോദ്യങ്ങൾ**

1. കാരുണ്യപ്രവൃത്തികൾ എത്ര?
2. ശാരീരികമായ കാരുണ്യപ്രവൃത്തികൾ ഏതെല്ലാം?

3. ആദ്ധ്യാത്മികമായ കാരുണ്യപ്രവൃത്തികൾ ഏതെല്ലാം?
4. നിങ്ങളുടെ സഹപാഠി രണ്ടുദിവസമായി പനിമൂലം ക്ലാസ്സിൽവന്നില്ല. ആ സഹപാഠിയെ നിങ്ങൾ എങ്ങനെ സഹായിക്കും?
5. അയൽപക്കത്തെ അപ്പൂപ്പൻ സുഖമില്ലാതെ വീട്ടിൽ കിടപ്പിലാണെന്നറിഞ്ഞാൽ നിങ്ങൾ എന്തുചെയ്യും?